**അക്കൗണ്ടന്റ് ജനറലിന്റെ (ഓഡിറ്റ് II) ഓഫീസ്, കേരളം**

**<u>പത്രക്കുറിപ്പ്</u>**

ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ, 2024 മാർച്ചിൽ അവസാനിച്ച കാലയളവിലെ സംസ്ഥാന റവന്യൂവിനെക്കുറിച്ചുള്ള റിപ്പോർട്ട്, കേരള സർക്കാർ (2026-ലെ റിപ്പോർട്ട് നമ്പർ 2), ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 151(2) പ്രകാരം **2026 ജൂൺ 23**-ന് കേരള നിയമസഭയുടെ മേശപ്പുറത്തു വച്ചു.

ഈ റിപ്പോർട്ടിൽ വാഹനങ്ങളുടെ നികുതി, എക്സൈസ് തീരുവ, സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും, കാർഷിക ആദായനികുതി എന്നിവയുൾപ്പെടെ റവന്യൂ മേഖലയ്ക്ക് കീഴിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ഉൾക്കൊള്ളുന്നു. രണ്ട് അനുവർത്തന ഓഡിറ്റുകൾ ഉൾപ്പെടെ, 603.53 കോടി രൂപയുടെ വരുമാന പ്രഭാവമുള്ള 11 ഖണ്ഡികകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുന്നു.

റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ചില പ്രധാന കണ്ടെത്തലുകളുടെ സംഗ്രഹം താഴെ കൊടുത്തിരിക്കുന്നു:

**പൊതുവിൽ**

2023-24 വർഷത്തെ സംസ്ഥാന സർക്കാരിന്റെ മൊത്തം റവന്യൂ വരുമാനം 1,24,486.15 കോടി രൂപയാണ്, ഇത് സംസ്ഥാനത്തിന്റെ തനതു വരുമാനമായ 90,674.97 കോടി രൂപയും (73 ശതമാനം) ഭാരത സർക്കാരിൽ നിന്നുള്ള വരവായ 33,811.18 കോടി രൂപയും (27 ശതമാനം) ചേർന്നുള്ളതാണ്.

***(ഖണ്ഡിക 1.1.1)***

ചില പ്രധാന ശീർഷകങ്ങളിലെ റവന്യൂ കുടിശ്ശിക 30,308.52 കോടി രൂപയാണ്, ഇത് സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 24.35 ശതമാനത്തെ പ്രതിനിധീകരിക്കുന്നു.

***(ഖണ്ഡിക 1.2)***

2024 ജൂൺ അവസാനത്തിൽ, 2023 ഡിസംബർ വരെ നൽകിയ 2,461 പരിശോധനാ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് 4,978.61 കോടി രൂപ ഉൾപ്പെടുന്ന 15,021 ഖണ്ഡികകൾ തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്നു.

***(ഖണ്ഡിക 1.7)***

**വാഹനങ്ങളിൻമേലുള്ള നികുതികൾ**

**'കേരളത്തിലെ മോട്ടോർ വാഹന വകുപ്പിലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെയും പ്രവർത്തനം' സംബന്ധിച്ച അനുവർത്തന ഓഡിറ്റ്**

ഒൻപത് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കുകളും (എഡിടിടി), ഒമ്പത് ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളും (എടിഎസ്) സ്ഥാപിക്കുന്നതിന് 37.48 കോടി രൂപ ചെലവഴിച്ചിട്ടും രണ്ട് എഡിടിടികൾ മാത്രമേ പ്രവർത്തനക്ഷമമായുള്ളൂവെന്നും എടിഎസുകളൊന്നും പ്രവർത്തനക്ഷമമല്ലയെന്നും ഓഡിറ്റ് നിരീക്ഷിച്ചു. തൻമൂലം മാനുവലായുള്ള പരിശോധനാരീതികളെത്തന്നെ ആശ്രയിക്കേണ്ടി വന്നു.

ഫലപ്രദമായ സിസ്റ്റം അധിഷ്ഠിത സാധൂകരണങ്ങളുടെ അഭാവവും വാഹന ഉടമകൾ സമർപ്പിക്കുന്ന സത്യപ്രസ്താവനകളെ അമിതമായി ആശ്രയിക്കുന്നതും കാരണം 2.57 കോടി രൂപയുടെ ഹരിത നികുതി ചുമത്താതിരുന്നതും ഓഡിറ്റിൽ കണ്ടെത്തി. ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളുടെയും (സിഎഫ്) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടെയും (ആർസി) കാലാവധി കഴിഞ്ഞ 91,477 വാഹനങ്ങൾ നിരത്തിൽ ഉപയോഗിച്ചുവെങ്കിലും രജിസ്റ്ററിംഗ് അതോറിറ്റിയോ എൻഫോഴ്സ്മെന്റ് വിഭാഗമോ യാതൊരു നടപടിയും എടുത്തില്ലെന്ന് വാഹൻ ഡാറ്റ വിശകലനത്തിൽ നിന്നും കണ്ടെത്തി. ഇത് പിഴ, പുതുക്കലിനുള്ള ഫീസ്, കോമ്പൗണ്ടിങ് ഫീസ് എന്നീ ഇനത്തിൽ 47.69 കോടി രൂപ പിരിച്ചെടുക്കാതിരിക്കാൻ കാരണമായി. പോലീസ് വകുപ്പിൽ നിന്നും ശേഖരിച്ച അപകടങ്ങളുടെ കണക്കുകളുമായി താരതമ്യം ചെയ്തതിൽ നിന്നും മേൽപറഞ്ഞതിലെ 344 വാഹനങ്ങൾ അപകടങ്ങളിൽപ്പെട്ടുവെന്നും 32 പേരുടെ മരണത്തിന് കാരണമായെന്നും കണ്ടെത്തി.

സംസ്ഥാനത്ത് ലൈസൻസില്ലാത്ത 47 അഗ്രിഗേറ്ററുകൾ ഉണ്ടെന്ന് ജിഎസ്ടി പോർട്ടലിൽ നിന്നുള്ള വിവരങ്ങളുമായി ചേർത്തുള്ള പരിശോധനയിൽ ഓഡിറ്റ് കണ്ടെത്തി. മോട്ടോർ വാഹന വകുപ്പ് സംസ്ഥാനത്ത് അഗ്രിഗേറ്റർ ലൈസൻസുകൾ നൽകിയിട്ടില്ലാത്തതിനാൽ, ഇതുമായി ബന്ധപ്പെട്ട 2.35 കോടി രൂപയുടെ ഫീസ് പിരിച്ചെടുക്കാതെയിരുന്നു.

റെന്റ്-എ-ക്യാബ് സേവനങ്ങൾ നൽകുന്നതിനായി സംസ്ഥാനത്ത് 461 ഏജൻസികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജിഎസ്ടി പോർട്ടലിൽ നിന്ന് ലഭിച്ച ഡാറ്റ കാണിക്കുന്നു. എന്നാൽ, ഒൻപത് റെന്റ്-എ-ക്യാബ് ലൈസൻസുകൾ മാത്രമാണ് സംസ്ഥാനത്ത് നൽകിയിട്ടുള്ളതെന്നും അതിന്റെ ഫലമായി 0.23 കോടി രൂപയുടെ ഫീസ് ഈടാക്കാൻ കഴിഞ്ഞില്ലെന്നും വ്യക്തമാക്കുന്നു.

1,620 കോൺട്രാക്ട് കാര്യേജുകളും ചരക്ക് വാഹനങ്ങളും മോട്ടോർ വാഹന നികുതി അടച്ചുവെങ്കിലും സാധുവായ പെർമിറ്റില്ലാതെ ഓടുന്നുണ്ടെന്നും ഓഡിറ്റ് നിരീക്ഷിച്ചു. എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പരിശോധനയിൽ 6,803 ഗതാഗത വാഹനങ്ങളുടെ സിഎഫിന്റേയും 30,948 ഗതാഗതേതര വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടേയും കാലാവധി കഴിഞ്ഞതായി കണ്ടെത്തി. എന്നാൽ, സാധുവായ സിഎഫ് അല്ലെങ്കിൽ ആർസി ഇല്ലാതെ വാഹനങ്ങൾ ഉപയോഗിച്ചുവെന്ന കുറ്റങ്ങൾക്കെതിരെ നടപടിയെടുത്തില്ല. അതിന്റെ ഫലമായി 12.18 കോടി രൂപയുടെ കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുക്കാൻ കഴിഞ്ഞില്ല.

***(ഖണ്ഡിക 2.4)***

**സംസ്ഥാന എക്സൈസ്**

**'കേരളത്തിലെ വിദേശ മദ്യത്തിന്റെ നിർമ്മാണവും വിൽപ്പനയും' സംബന്ധിച്ച അനുവർത്തന ഓഡിറ്റ്**

തിരുവല്ലയിലെ ഒരു ഡിസ്റ്റിലറിയിൽ, സ്റ്റോക്കിലുള്ള ഇഎൻഎയുടെ കുറവ് മൂലമുണ്ടായ വരുമാന നഷ്ടം വീണ്ടെടുക്കാനുള്ള നടപടിയെടുക്കാൻ വകുപ്പ് പരാജയപ്പെട്ടതിന്റെ ഫലമായി 51.88 കോടി രൂപയുടെ നഷ്ടമുണ്ടായി. മാഹിയിലേക്ക് മദ്യം ഇറക്കുമതി ചെയ്യുന്നതിന് എക്സൈസ് വകുപ്പ് നൽകിയ ട്രാൻസിറ്റ് പെർമിറ്റുകൾ ചെക്ക് പോസ്റ്റുകളിൽ സൂക്ഷിച്ച രേഖകളുമായി ഒത്തു ചേർത്ത് പരിശോധിച്ചപ്പോൾ 22 പെർമിറ്റുകളിൽ ഉൾപ്പെടുന്ന 1,10,720 ബൾക്ക് ലിറ്റർ ഐഎംഎഫ്എൽ സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോയതിന്റെ രേഖകളൊന്നും ഇല്ലായിരുന്നുവെന്നും ഇത് കേരള വിപണിയിലേക്ക്

വഴിതിരിച്ചുവിടാൻ സാധ്യതയുണ്ടെന്നും കണ്ടെത്തി. ഇത് മൂലമുള്ള വരുമാന നഷ്ടം **5.10** കോടി രൂപ വരും. വിറ്റുവരവ് നികുതി കണക്കാക്കുമ്പോൾ വിൽപ്പന നികുതിയെ ഉൾപ്പെടുത്തുന്നതിൽ വിൽപ്പന നികുതി നിർണ്ണയ അധികാരികളുടെ പരാജയം, കഞ്ചിക്കോടുള്ള ഒരു ബ്രൂവറിക്ക് ബിയർ വിൽപ്പനയിൽ ക്രമരഹിതമായി നികുതിയിളവ് അനുവദിച്ചത്, ബാധകമായ നികുതി നിരക്കുകൾ പരിശോധിക്കാതെ റിട്ടേണുകൾ സ്വീകരിക്കൽ എന്നിവ **19.17** കോടി രൂപയുടെ നികുതി കുറവായി ചുമത്തുന്നതിനോ ചുമത്താതിരിക്കുന്നതിനോ കാരണമായി.

**(ഖണ്ഡിക 3.4)**

**സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും**

ഭൂമിയുടെ ന്യായവില സ്വീകരിക്കുന്നതിൽ വിട്ടുവീഴ്ച വരുത്തിയത്, മാതൃ സർവേ നമ്പറിൽ ലഭ്യമായ ന്യായവില സ്വീകരിക്കാത്തത്, ഭൂമിയുടെ തെറ്റായ തരംതിരിവ്, വസ്തുവിന്റെ വിഭജിച്ചുള്ള വിൽപ്പന എന്നിവയുടെ ഫലമായി സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി **1.61** കോടി രൂപ കുറവായി ചുമത്തി.

**(ഖണ്ഡിക 4.4 മുതൽ 4.9 വരെ)**

**മറ്റ് വരവുകൾ**

പറമ്പിക്കുളം ആളിയാർ പദ്ധതിക്കായി അനുവദിച്ച ഭൂമിയുടെ പുതുക്കിയ ലൈസൻസ് ഫീസ് തമിഴ്നാട് സർക്കാരിൽ നിന്ന് ഈടാക്കാതിരുന്നതും തൽഫലമായി ഫോറസ്റ്റ് റവന്യൂവിൽ **1.70** കോടി രൂപയുടെ കുറവുണ്ടായത്. കൂടാതെ, പാട്ട വാടക പരിഷ്കരിക്കാത്തതുമൂലം മറ്റൊരു പാട്ടക്കാരനിൽ നിന്നും **27.40** കോടി രൂപ കുറവായി പിരിച്ചെടുത്തത്.

**(ഖണ്ഡിക 5.1.1 & 5.1.2)**

---------x-----------------x-----------------x---------